**പതിമൂന്നാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത**
**ചോദ്യം നമ്പർ. 241** — **09.06.2014-ൽ മറുപടിയ്ക്ക്**

**വാഹന പാർക്കിംഗ് മൂലമുള്ള അപകടങ്ങൾ ഒഴിവാക്കുന്നതിന് നടപടി**

| ചോദ്യം<br>ശ്രീ.പി.തിലോത്തമൻ | | മറുപടി<br>ശ്രീ. രമേശ് ചെന്നിത്തല<br>(ബഹു. ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | റോഡിന്റെ വശങ്ങളിൽ മറ്റ് വാഹനങ്ങൾക്ക് തടസ്സമുണ്ടാക്കും വിധവും അപകടങ്ങൾ ഉണ്ടാക്കും വിധവും വാഹനങ്ങൾ പാർക്ക് ചെയ്യുന്നതിനാൽ റോഡപകടങ്ങൾ കൂടുന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ; | (എ) | ഉണ്ട്. |
| (ബി) | വാഹനങ്ങൾ കുറുകെയുള്ള മറ്റ് റോഡുകളിലേക്ക് കടക്കുമ്പോൾ അപ്രകാരമുള്ള റോഡുകളിൽ ഡ്രൈവർമാർക്ക് കാഴ്ചമറയ്ക്കും വിധം വാഹനങ്ങൾ പാർക്ക് ചെയ്യുന്നതു മൂലം ഉണ്ടായിട്ടുള്ള അപകടങ്ങളും അത്തരം അപകടങ്ങളിൽ മരണമടഞ്ഞവരും എത്രയാണെന്നു അറിയിക്കാമോ ; | (ബി) & (സി) | ഇത്തരം അപകടങ്ങൾ ശ്രദ്ധയിൽപെട്ടിട്ടില്ല. എങ്കിലും ഈ വിധം ഉണ്ടാകാവുന്ന അപകടങ്ങൾ ഒഴിവാക്കുന്നതിലേയ്ക്ക് റോഡുകളിൽ അനധികൃതമായി പാർക്ക് ചെയ്തിരിക്കുന്ന വാഹനങ്ങളിലെ ഡ്രൈവർമാർക്കെതിരെ മോട്ടേർവാഹന നിയമപ്രകാരം പിഴ ചുമത്തുകയും വളരെയേറെ ബുദ്ധിമുട്ടുണ്ടാക്കുന്ന വാഹനങ്ങളുടെ ഡ്രൈവർമാർക്കെതിരെ സെക്ഷൻ 283 ഐ.പി.സി പ്രകാരം കേസ്സ് രജിസ്റ്റർ ചെയ്യുകയും ഡ്രൈവർമാരില്ലാതെ അനധികൃതമായി പാർക്ക് |
| (സി) | ഇത്തരം അപകടങ്ങൾ ഒഴിവാക്കുവാൻ കൈകൊണ്ടിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്നു വ്യക്തമാക്കുമോ; റോഡപകടങ്ങൾ ഉണ്ടാക്കും വിധം വാഹനങ്ങൾ പാർക്ക് ചെയ്യുന്ന ഡ്രൈവർമാർക്കെതിരെ നടപടി സ്വീകരിക്കുമോ ? | | |

ചെയ്തിരിക്കുന്ന വാഹനങ്ങളെ റിക്കവറി വാഹനം ഉപയോഗിച്ച് സ്റ്റേഷനിലേക്ക് മാറ്റി സെക്ഷൻ 283 ഐ.പി.സി പ്രകാരം കേസ്സ് രജിസ്റ്റർ ചെയ്ത് നിയമ നടപടി സ്വീകരിക്കാറുണ്ട്.

**സെക്ഷൻ ഓഫീസർ**